# Desabhimani
# 31 August 2018
# Palluruthy, After Flood, Flood Relief



10സെന്റ് സ്ഥലം നൽകും

## ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ ഉണ്ണിയും

**പള്ളുരുത്തി**

പ്രളയക്കെടുതിയിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് ഭൂമി പതിച്ചുനൽകാൻ ഒരുങ്ങി പള്ളുരുത്തി സ്വദേശി ഉണ്ണി. ചേർത്തല കടക്കര പള്ളിയിലെ തന്റെ പേരിലുള്ള 26 സെന്റിൽ 10 സെന്റ് ഭൂമിയാണ് നൽകുന്നത്. ലക്ഷങ്ങൾ വിലമതിക്കുന്ന ഈ സ്ഥലത്ത് ലോറി കയറാവുന്ന വീതിയിൽ പഞ്ചായത്തിന്റെ ടാർ റോഡുമുണ്ട്. പള്ളുരുത്തി പൈപ്പ് ലൈൻ

റോഡിൽ ഇല്ലിക്കൽ വീട്ടിൽ നടേശന്റെ മകനാണ് ഉണ്ണി. ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള തീരുമാനം വീട്ടുകാരെ അറിയിച്ചപ്പോൾ അവരും കൂടെ നിൽക്കുകയായിരുന്നു.

**ലക്ഷങ്ങൾ വിലമതിക്കുന്ന ഈ സ്ഥലത്ത് ലോറി കയറാവുന്ന വീതിയിൽ പഞ്ചായത്തിന്റെ ടാർ റോഡുമുണ്ട്**

അടുത്ത ദിവസം തന്നെ എറണാകുളം

കലക്ടർക്ക് ഭൂമി സംബന്ധിച്ച രേഖകൾ

കൈമാറുമെന്ന് ഉണ്ണി പറഞ്ഞു. കൊച്ചി തുറമുഖത്ത് യൂണിവേഴ്സൽ എന്റർപ്രൈസസ് എന്ന സ്ഥാപനം നടത്തിവരികയാണ് ഉണ്ണി.